പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4342 — 24.10.2016 ൽ - മറുപടിക്ക്

## ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യസുരക്ഷാ ആക്ട് പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ മിഷന് രൂപം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) 2013 ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്ത് സംസ്ഥാന പരിഹാര കമ്മീഷനും ജില്ലാ തല പരിഹാര കമ്മീഷനും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 13.10.2016 ലെ സ.ഉ(കൈ)16/2016/ഭ.സി.സ.വ നമ്പർ ഉത്തരവ് പ്രകാരം ജില്ലാതല പരാതി പരിഹാര ആഫീസറുടെ ചുമതല എ.ഡി.എം./ഡെപ്യൂട്ടി കളക്ടർ (ജനറൽ)-നും നൽകി ഉത്തരവായിട്ടുണ്ട്.<br>ദേശീയ ഭക്ഷ്യ നിയമപ്രകാരമുളള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പ്രവർത്തനം തുടങ്ങുന്നതു വരെ ചുമതല സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനായിരിക്കും എന്നും മേൽ ഉത്തരവ് പ്രകാരം അറിയിച്ചിട്ടുണ്ട്. |
| (ബി) ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന റേഷൻ വിഹിതത്തിൽ എന്തെങ്കിലും കുറവ് സംഭവിക്കുമോ; വിശദീകരിക്കാമോ ; | (ബി) നിലവിൽ സംസ്ഥാനത്തിന് 15.91 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യമാണ് 2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു നൽകിയിട്ടുളളത്. എന്നാൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം 14.25 ലക്ഷം മെ.ടൺ ആണ് വാർഷിക അലോട്ട്മെന്റ് ആയി സംസ്ഥാനത്തിന് ലഭിക്കുന്നത്. ആയതിൽ 10.25 ലക്ഷം മെ.ടൺ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന 15480040 (ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത്) കോടി ജനങ്ങൾക്ക് നൽകുവാൻ കഴിയുന്നതാണ്. മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകുന്നതിനായി 4.00 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യം പ്രതിവർഷം ലഭിക്കുന്നതാണ്. |
| (സി) പദ്ധതി നടപ്പാക്കുമ്പോൾ കേരളത്തിൽ നിലവിലുളള എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കുമോ ; വിശദീകരിക്കാമോ? | (സി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുമ്പോൾ നിലവിൽ ബി.പി.എൽ ലിസ്റ്റിലുളള അനർഹരായ ആളുകൾ ഒഴിവാകുകയും അർഹതയുളളവർ മാത്രം മുൻഗണാ ലിസ്റ്റിൽ ഉൾപ്പെട്ടുവരികയും ചെയ്യുന്നതാണ്. മുൻഗണനാ വിഭാഗത്തിൽ പ്പെടുന്നവർക്ക് 5 കിലോഗ്രാം ഭക്ഷ്യധാന്യം ആളൊന്നിനും 35 കിലോഗ്രാം ഭക്ഷ്യധാന്യം എ.എ.വൈ. കാർഡിനും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ